(ബി) ഇതുമൂലം കൈവശ ഭൂമിക്കു നികുതിയടയ്ക്കാൻ കഴിയാഞ്ഞതിനും ത്രിതല പഞ്ചായത്തുകളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കാതെയും അനേകം കുടുംബങ്ങൾ കഷ്ടപ്പെടേണ്ടതായിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റീസർവ്വേ നിക്കാർഡുകളിലുണ്ടായ ന്യൂനതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത താലൂക്കുകളിൽ നിന്ന് സർവ്വേ അദാലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഡി) വയനാട് ജില്ലയിൽ വർഷങ്ങളായി തീരുമാനമാകാതെ കിടക്കുന്ന ഇത്തരം മുഴുവൻ കേസ്സുകളും സമയബന്ധിതമായി തീർപ്പാക്കാൻ നിർദ്ദേശം നൽകുമോ ;

(ഇ) ഈ സർക്കാർ നിലവിൽ വന്നശേഷം വയനാട് ജില്ലയിൽ നിന്നും ഇത്തരത്തിൽ ഉള്ള എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുത്തു ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഏകമാസ അദാലത്തിൽ 33673 അപേക്ഷകൾ ലഭിച്ചു. അതുമുഴുവൻ തീർപ്പാക്കിയിട്ടുണ്ട്. ഏകദിന അദാലത്തിൽ 14232 അപേക്ഷകൾ ലഭിച്ചു. അതിൽ 13911 എണ്ണം തീർപ്പാക്കി. ബാക്കി 321 എണ്ണം തീർപ്പാക്കാനുണ്ട്.

(ഡി) സമയബന്ധിതമായി തീർപ്പാക്കുവാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) 6618 അപേക്ഷകളിന്മേൽ തീരുമാനമെടുത്തു.

സർവ്വേ ഡയറക്ടർ ആഫീസ് മാറ്റി സ്ഥാപിക്കാൻ നടപടി

21 (618) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലാ സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ആഫീസുകൾ ബന്ധപ്പെട്ട ജില്ലകൾക്ക് പുറത്ത് പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ ആഫീസുകൾ ബന്ധപ്പെട്ട ജില്ലകൾക്ക് പുറത്തു സ്ഥാപിക്കാൻ ഉള്ള കാരണമെന്ത് ;

(സി) വയനാട് ജില്ല സ്ഥാപിച്ചിട്ടെത്ര കാലമായി ;

(ഡി) പ്രസ്തുത ജില്ലയെ സംബന്ധിക്കുന്ന സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് എവിടെയാണ് പ്രവർത്തിക്കുന്നത് ;

(ഇ) പ്രസ്തുത ആഫീസ് വയനാട്ടിലേക്ക് മാറ്റി സ്ഥാപിക്കുവാൻ സർവ്വേ ഡയറക്ടർ ശുപാർശ ചെയ്തിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ എവിടേക്ക് മാറ്റാനാണ് ശുപാർശ ചെയ്തത് ;

(ജി) അതനുസരിച്ച് പ്രസ്തുത ആഫീസ് മാറ്റി സ്ഥാപിച്ചുവോ ;

(എച്ച്) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഐ) പ്രസ്തുത ആഫീസ് ഉടനടി വയനാട് ജില്ലയിലേക്ക് മാറ്റി സ്ഥാപിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയ്ക്കായുള്ള റീസർവ്വേ അസി:ഡയറക്ടർ ആഫീസും പത്തനംതിട്ട ജില്ലയ്ക്കായുള്ള റേഞ്ച് അസി: ഡയറക്ടർ ആഫീസും പ്രസ്തുത ജില്ലകൾക്ക് പുറത്ത് പ്രവർത്തിക്കുന്നു.

(ബി) വയനാട്, പത്തനംതിട്ട ജില്ലാ രൂപീകരണത്തോടുകൂടി പല ആഫീസുകളും വയനാട്ടിലേക്കും പത്തനംതിട്ടയിലേക്കും മാറ്റിയെങ്കിലും കോഴിക്കോട് പ്രവർത്തിച്ചു കൊണ്ടിരുന്ന റീസർവ്വേ അസി:ഡയറക്ടർ ആഫീസും കോട്ടയത്ത് പ്രവർത്തിക്കുന്ന റേഞ്ച് അസി:ഡയറക്ടർ ആഫീസും മാറ്റുവാൻ സാധിച്ചിട്ടില്ല.

(സി) 1980 നവംബറിലാണ് വയനാട് ജില്ല രൂപീകൃതമായത്.

(ഡി) പ്രസ്തുത ജില്ലയെ സംബന്ധിക്കുന്ന സർവ്വേ അസി.ഡയറക്ടർ ആഫീസ് കോഴിക്കോടാണ് പ്രവർത്തിക്കുന്നത്.

(ഇ) ശുപാർശ ചെയ്തിട്ടുണ്ട്.

(എഫ്) വയനാട് ജില്ലാ കളക്ടറേറ്റിലേക്ക് മാറ്റുന്നതിനാണ് ശുപാർശ ചെയ്തത്.

(ജി) ഇല്ല.

(എച്ച്) ജില്ലാ കളക്ടറേറ്റിൽ സ്ഥലം ലഭ്യമാകാത്തത് കാരണം ആഫീസ് മാറ്റിയിട്ടില്ല.

(ഐ) വയനാട് ജില്ലാ ആസ്ഥാനത്ത് സ്ഥല സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് കോഴിക്കോട് പ്രവർത്തിക്കുന്ന റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് മാറ്റി സ്ഥാപിക്കുന്നതാണ്.

തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങൾക്കുമാത്രം ബാധകമായിട്ടുള്ള നിയമങ്ങൾ

22 (619) ശ്രീ. ഡി. സുഗതൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. പ്രയാർ ഗോപാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുൻതിരുവിതാംകൂർ കൊച്ചി, മലബാർ പ്രദേശങ്ങൾക്കുമാത്രം ബാധകമായിട്ടുള്ള നിയമങ്ങൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly